2526

നം: പി.എൽ.(2)/41140/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 05.10.2015.

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - സംസ്കൃത വിദ്യാർത്ഥികൾക്ക് പരിശീലനം - സംബന്ധിച്ച്.

സൂചന :

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ഈ അധ്യയന വർഷം സംസ്കൃതം പഠിക്കുന്ന കുട്ടികൾക്കായി ഒരു ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. സ്വാധ്യായ: എന്ന പേരിലുള്ള ഈ ക്യാമ്പ് സബ്ജില്ലാതലത്തിലാണ് നടത്തേണ്ടത്. ആയതിന്റെ മൊഡ്യൂൾ ഇതോടൊപ്പം ഇ-മെയിൽ ചെയ്യുന്നുണ്ട്.

സബ്ജില്ലയിലെ എല്ലാ സംസ്കൃതാദ്ധ്യാപകരും ഈ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. ക്യാമ്പ് തീയതി തീരുമാനിച്ചാൽ അതിന്റെ തലേദിവസം അധ്യാപകർ കൂടിയിരുന്ന് മൊഡ്യൂൾ പരിചയപ്പെട്ട് ക്ലാസ്സ് എടുക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. സബ്ജില്ലയിലെ അധ്യാപകർ തന്നെ ക്ലാസ്സ് എടുക്കേണ്ടതാണ്. ആയതിന് ആവശ്യമായ പുസ്തകങ്ങൾ, സി.ഡി. മുതലായവ ഉപയോഗിക്കേണ്ടതാണ്. 1 മുതൽ 10 വരെയുള ക്ലാസ്സുകളിൽനിന്നും പരമാവധി 200 കുട്ടികളെ പങ്കെടുപ്പിക്കാവുന്നതാണ്. 40 കുട്ടികൾ അടങ്ങുന്ന 5 ക്ലാസ്സുകളിലായി ക്ലാസ്സ് നടത്തേണ്ടതാണ്. (കുട്ടികളുടെ എണ്ണമനുസ്സരിച്ച് മാറ്റം വരുത്താവുന്നതാണ്) ടി ക്യാമ്പ് 2 ദിവസം നോൺ റസിഡൻഷ്യലായാണ് നടത്തേണ്ടത്. ആയതിലേയ്ക്കായി 3000/- രൂപ വീതം ഓരോ സബ്ജില്ലയ്ക്കും അനുവദിച്ചിട്ടുണ്ട്. അതിൽ 2000/- രൂപ റഫ്രഷ്മെന്റ്, 1000/- രൂപ സ്റ്റേഷനറി/കണ്ടിജൻസി എന്നീ ഇനങ്ങളിലായി വിനിയോഗിക്കാവുന്നതാണ്. 2015 ഡിസംബർ 31-നു മുമ്പായി ക്യാമ്പുകൾ നടത്തേണ്ടതും റിപ്പോർട്ടുകൾ ഈ ഓഫീസിൽ അയച്ചുതരേണ്ടതുമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

പകർപ്പ്:

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.